Draft #1 of File 83737/AD A5-4/2021/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 16-Jun-2021 11:27 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നുള്ള ഇൻഫർമേഷൻ ഓഫീസർ, ശ്രീ. പി. സി. സുരേഷ് കുമാറിനെ സർവ്വകലാശാലയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 2695/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.06.2021

---

*പരാമർശം:*-1. 05.05.2021 തീയതിയിലെ 658/ 2021 /ഉ .വി.വ, നമ്പർ (സാധാ) സർക്കാർ ഉത്തരവ്

2. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ 01.06.2021 തീയതിയിലെ എ.1/85/2021/ഐ & പി.ആർ.ഡി നമ്പർ നടപടിക്രമം

3. 02.06.2021 തീയതിയിൽ ശ്രീ. പി. സി. സുരേഷ് കുമാർ സമർപ്പിച്ച കാര്യാരംഭ റിപ്പോർട്ട്

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിലെ ഇൻഫർമേഷൻ ഓഫീസർ ശ്രീ. പി. സി. സുരേഷ് കുമാർ -നെ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം ടിയാനെ അന്യത്ര സേവന വ്യവസ്ഥയിൽ സർവ്വകലാശാലയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ പ്രവേശിക്കുന്നതിലേക്കായി ടി വകുപ്പിൽ നിന്നും 01.06.2021 അപരാഹ്നം പ്രാബല്യത്തിൽ വിടുതൽ നൽകുകയും, 02.06.2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ പരാമർശം (3) പ്രകാരം ടിയാൻ സർവ്വകലാശാലയിലെത്തി രജിസ്ട്രാർ മുമ്പാകെ കാര്യരംഭ റിപ്പോർട്ട് സമർപ്പിച്ച് സേവനത്തിൽ പ്രവേശിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ, സർവ്വകലാശാലാ പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന ശ്രീ. ലായി വി. ജി., അസിസ്റ്റൻറ് രജിസ്ട്രാർ 7 (ഭ.വി.) -നെ ടി അധിക ചുമതലയിൽ നിന്ന് വിടുതൽ നൽകിക്കൊണ്ടും, കേരളാ സംസ്ഥാന ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിലെ ഇൻഫർമേഷൻ ഓഫീസർ ശ്രീ. പി. സി. സുരേഷ് കുമാർ -നെ അന്യത്ര സേവന വ്യവസ്ഥയിൽ 02/6/2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഒരു വർഷത്തേക്ക് സർവ്വകലാശാലയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ നിയമിച്ചുകൊണ്ടും, വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ശ്രീ. പി. സി. സുരേഷ് കുമാർ, അന്യത്ര സേവനം സംബന്ധിച്ച കെഎസ്ആർ പാർട്ട് I റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് താമസംവിനാ സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ. പി. സി. സുരേഷ് കുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ
2. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, ആമുഖകത്ത് സഹിതം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. വി.സി. / പി.വി.സി. എന്നിവരുടെ ടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ / എഫ്.ഒ. / സി.ഇ. എന്നിവരുടെ പി.എ. മാർ
5. ശ്രീ. ലായി വി. ജി., അസിസ്റ്റന്റ് രജിസ്ട്രാർ 7 (ഭ.വി.)
6. ജോയിൻറ് ഡയറക്ടർ, കെ.എസ്. എ.ഡി.
7. എഡി. എ 1/ ഐ.ക്യു.എ.സി. / എഫ്.സി.സി.
8. എ.ആർ.II/ ഡി.ആർ. II / ജെ.ആർ.I (ഭ.വി.)
9. കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ
10. പി.ആർ.ഒ. സെക്ഷൻ
11. സർവ്വകലാശാലാ പഠന വകുപ്പ് മേധാവികൾ
12. സർവ്വകലാശാലാ ലൈബ്രേറിയൻ
13. റെക്കോർഡ്സ്/ ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 83737/AD A5-4/2021/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 16-Jun-2021 11:27 AM - Page 2